**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **2059**

**11.02.2020 ൽ**

**മറുപടിയ്ക്ക്**

## കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് വിശദീകരിക്കുമോ; | (എ) കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം. 10 ൽ റീസർവ്വേ നം.584/4 ൽ പ്പെട്ട കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിൽ ഉള്ള 58.45 ആർസ് സ്ഥലമാണ് നിലവിൽ പരിഗണനയിൽ ഉള്ളത്. |
| (ബി) സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടിയുടെ പുരോഗതി വിശദമാക്കുമോ; | (ബി) പ്രസ്തുത സ്ഥലം കൈമാറി നൽകുന്നതിന് ജില്ലാ ജഡ്ജി ഹാജരാക്കിയ അർത്ഥനാ പത്രത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ പ്രൊപ്പോസൽ തയ്യാറാക്കി കൊല്ലം സബ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) കല്ലട ജലസേചനപദ്ധതിയുടെ അധീനതയിലുള്ള സ്ഥലം കോടതിസമുച്ചയം നിർമ്മിക്കുന്നതിന്, ആഭ്യന്തരവകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (സി) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിൽ ഉള്ള സ്ഥലം കോടതി സമുച്ചയത്തിന് നൽകുന്നതിനുള്ള NOC അനുവദിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ ജലവിഭവ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നിർമ്മാണപ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) ജലവിഭവ വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറിയാൽ മാത്രമേ തുടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ